197/2010
29-04-2010

# ഇടയലേഖനം-103

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

രാമനാഥപുരം രൂപതാദ്ധ്യക്ഷന്റെ മെത്രാഭിഷേകവും രൂപതയുടെ ഉദ്ഘാടനപരിപാടിയും മംഗളകരമായും ഭക്തിനിർഭരമായും ഏപ്രിൽ 11ന് നടത്തപ്പെട്ടു. ഇക്കാര്യത്തിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാവർക്കും എന്റെ സ്നേഹനിർഭരമായ നന്ദി.

2010 ആഗസ്റ്റ് 20 മുതൽ 22 വരെ, സീറോ മലബാർ സഭയുടെ മൂന്നാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി സമ്മേളിക്കുകയാണ്. അഞ്ചുവർഷത്തിൽ ഒരിക്കൽ കൂടുന്ന കാനോനികമായ ഈ സഭായോഗം, കാലത്തിന്റെ അടയാളങ്ങളെ മനസ്സിലാക്കി വിശ്വാസത്തിന്റെ വെളിച്ചത്തിൽ സഭയ്ക്കും സമൂഹത്തിനും നന്മയിൽ വളരുവാൻ പ്രേരകമായ വിഷയങ്ങൾ പഠിക്കുകയും, ചർച്ച ചെയ്യുകയും കർമ്മപരിപാടികൾക്ക് രൂപം നൽകുകയും ചെയ്യുന്നു. പ്രഥമ അസംബ്ലി 1998ലും ദ്വിതീയ അസംബ്ലി 2004ലും നടക്കുകയുണ്ടായി. ഇന്നിന്റെ വെല്ലുവിളിയായ മരണ സംസ്ക്കാരത്തെ തിരിച്ചറിയാനും, അതിനെതിരെ പോരാടാനും, സ്രഷ്ടലോകത്തെ അതിന്റെ പൂർണ്ണതയിൽ വീക്ഷിച്ച്, ജീവന്റെ സംസ്ക്കാരത്തെ അതിന്റെ സമഗ്രതയിൽ പ്രോത്സാഹിപ്പിക്കുവാനുമാണ് "വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും" എന്ന പ്രമേയത്തിലൂടെ ത്രിതീയ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി പരിശ്രമിക്കുന്നത്.





വിശ്വാസ ജീവിത്തിനുനേരെ വെല്ലുവിളികൾ ഉയർത്തുന്ന അനേകം ഘടകങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ക്രൈസ്തവ വിശ്വാസം എന്നും വെല്ലുവിളികൾ നിറഞ്ഞതാണ്. അത് എക്കാലവും അങ്ങനെതന്നെയായിരിക്കുകയും ചെയ്യും. നാമിന്ന് നേരിടുന്ന പ്രധാനപ്പെട്ട ഒരു വെല്ലുവിളിയാണ് വളർന്നുവരുന്ന മരണ സംസ്ക്കാരം. ജീവന് വില കല്പ്പിക്കാത്ത മരണ സംസ്ക്കാരം ശക്തിപ്രാപിക്കുമ്പോൾ ജീവനെതിരെയുള്ള അതിക്രമങ്ങളും വർദ്ധിക്കുന്നു. അതാണ് ഇന്ന് സംഭവിക്കുന്നത്.

പ്രപഞ്ചത്തിലെ എല്ലാ ജീവനും ദൈവം സൃഷ്ടിച്ചതാണ്. മനുഷ്യ ജീവനാകട്ടെ ദൈവത്തിന്റെ പ്രത്യേക ശ്രദ്ധയിലും പ്രവൃത്തിയിലും രൂപമെടുത്താണ്. ദൈവം തന്റെ "ഛായയിലും സാദൃശ്യത്തിലും" മനുഷ്യനെ സൃഷ്ടിച്ചുവെന്നാണ് വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നത്. അങ്ങനെ മുനുഷ്യൻ ഭൂമിയിൽ ദൈവസാന്നിദ്ധ്യത്തിന്റെ അടയാളവും ദൈവമഹത്വത്തിന്റെ പ്രകാശവുമായി മാറി. അമൂല്യമായ ദൈവിക ജീവൻ കുടികൊള്ളുന്ന സൃഷ്ടവസ്തുവാണ് മനുഷ്യൻ. വിശേഷബുദ്ധിയും നന്മയും തിന്മയും വേർതിരിച്ചറിയുവാനുള്ള കഴിവും സ്വാതന്ത്ര്യവും മനുഷ്യനിലെ ദൈവികപ്രതിഛായയുടെ ഭാഗങ്ങളാണ്.

മനുഷ്യ ജീവൻ ദൈവത്തിന്റെ ദാനമാണ്. ദൈവമാണ് ജീവന്റെ ദാതാവും ഉടമയും. മനുഷ്യജീവന്റെ മേൽ സമ്പൂർണ്ണാവകാശം ദൈവത്തിന് മാത്രമാണുള്ളത്. സ്വന്തം ജീവനെ സംബന്ധിച്ച കാര്യസ്ഥതയാണ് മനുഷ്യന് നൽകപ്പെട്ടിരിക്കുന്നത്. അതിന്റെ കണക്ക് ദൈവത്തിന് നൽകാൻ മനുഷ്യൻ കടപ്പെട്ടിരിക്കുന്നു. ജീവന്റെ ഉടയവനായ ദൈവംതന്നെ കൊല്ലരുത് എന്ന പ്രമാണത്തിലൂടെ പരിപാവനമായ മനുഷ്യജീവന് സംരക്ഷണം നൽകുന്നു. ജീവനുമേലുള്ള അധികാരം ദൈവത്തിന്റേത് മാത്രമാണെന്ന് അസന്നിഗ്ദമായി ഇത് വെളിപ്പെടുത്തുന്നു. ദൈവദാനമായ ജീവനെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് മനുഷ്യന്റെ കടമ. സന്താനോത്പാദത്തിലൂടെ സൃഷ്ടികർമ്മത്തിൽ പങ്കുചേർന്ന് പുതുജീവന് ജന്മം നൽകുമ്പോൾ അതിനെ സംരക്ഷിക്കുന്നതിനും പുഷ്ടിപ്പെടുത്തുന്നതിനുമുള്ള



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ഉത്തരവാദിത്വവും അധികാരവും മനുഷ്യർ ഏറ്റെടുക്കുന്നു. മനുഷ്യന്റെ ഈ അധികാരം എപ്പോഴും ദൈവപ്രമാണങ്ങൾക്ക് വിധേയപ്പെട്ടിരിക്കുന്നു. ദൈവപ്രമാണങ്ങളിലൂടെ ജീവന്റെ മാർഗ്ഗമാണ് ദൈവം നമുക്ക് കാണിച്ചു തരുന്നത്. യേശുക്രിസ്തു ദൈവിക നിയമങ്ങൾക്ക് കൂടുതൽ ആഴവും വ്യാപ്തിയും നൽകി. തന്റെ വാക്കുകളും പ്രവൃത്തികളും ജീവനെ നിരുപാധികം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുവാൻ മനുഷ്യർക്ക് പ്രചോദനം നൽകുന്നവയായിരുന്നു. തന്റെ കൃപയിലൂടെ ജീവന്റെ നിയമം അനുസരിക്കുവാൻ അവിടുന്ന് വിശ്വാസികളെ പ്രാപ്തരാക്കുന്നു.

മനുഷ്യജീവനെതിരെ ചെയ്യുന്ന അതിക്രമങ്ങളിൽ ഏറ്റം ഹീനവും ക്രൂരവുമാണ് മനഃപൂർവ്വം നടത്തുന്ന ഗർഭഛിദ്രം (ജീവന്റെ സുവിശേഷം നമ്പർ 58). 'നിർവചിക്കാൻ സാധ്യമല്ലാത്ത ഹീനമായ മനുഷ്യ പ്രവൃത്തി' എന്നാണ് ഇതിനെയും ശിശു വധത്തെയും രണ്ടാം വത്തിക്കാൻ സൂനഹദോസ് വിശേഷിപ്പിച്ചിരിക്കുന്നത്. അമ്മയുടെ ഗർഭാശയത്തിനു പുറത്ത് ജീവനോടെ കഴിയാൻ പ്രാപ്തമാകാത്ത മനുഷ്യജീവനെ കൃത്രിമ മാർഗ്ഗങ്ങൾ ഉപയോഗിച്ച് നശിപ്പിക്കുകയും ഗർഭപാത്രത്തിൽ നിന്ന് നീക്കം ചെയ്യുകയും ചെയ്യുന്ന പ്രവൃത്തിയാണ് ഭ്രൂണഹത്യ അധവാ ഗർഭഛിദ്രം. സർക്കാർ നിയമങ്ങളിലൂടെ ഗർഭഛിദ്രം അനുവദനീയമാക്കുകയും ആധുനിക മാധ്യമങ്ങൾ അതിന് പ്രചരണം നൽകുകയും ചെയ്യുമ്പോൾ പൊതുജനാഭിപ്രായം ഈ തിന്മയുടെ ആഴം മനസ്സിലാക്കാതെ ഈ പ്രവൃത്തിയെ ശരിവെയ്ക്കുന്നു. സ്ഥിതി വിവര കണക്കുകൾ പ്രകാരം ഗർഭഛിദ്രങ്ങളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഇവിടെ പ്രസക്തമായ ഒരു ചോദ്യമുദിക്കുന്നു: മനുഷ്യ ജീവൻ എപ്പോഴാണ് ആരംഭിക്കുന്നത്. ഇന്ന് ലഭ്യമായ ശാസ്ത്രീയ അറിവിന്റെയും തത്വശാസ്ത്രപരമായ നിഗമനങ്ങളുടെയും വെളിച്ചത്തിൽ സഭ പഠിപ്പിക്കുന്നത് ബീജസങ്കലനാവസരത്തിൽ പുതുജീവൻ ആരംഭിക്കുന്നു എന്നാണ്. സമീപകാല പഠനങ്ങളുടെ വെളിച്ചത്തിൽ, ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'ജീവന്റെ സുവിശേഷം' എന്ന ചാക്രിക ലേഖന





ത്തിൽ അത് ഇപ്രകാരം വ്യക്തമാക്കുന്നു: ബീജസങ്കലനം നടക്കുന്ന സമയം മുതൽ ഒരു പുതിയ ജീവൻ തുടങ്ങുന്നു. അത് ഒരു പുതിയ മനുഷ്യ ജീവിയുടെ സ്വന്തം വളർച്ചയോടുകൂടിയ ജീവനാണ്. അപ്പോൾ തന്നെ അത് മാനുഷികമല്ലെങ്കിൽ ഒരിക്കലും അത് മാനുഷികമാവുകയില്ല. മനുഷ്യ ജീവി ഗർഭധാരണത്തിന്റെ നിമിഷം മുതൽ ഒരു വ്യക്തിയെന്ന നിലയിൽ ആദരിക്കപ്പെടുകയും കൈകാര്യം ചെയ്യപ്പെടുകയും വേണം. അതുകൊണ്ട്, ആ നിമിഷം മുതൽ ഒരു വ്യക്തി എന്ന നിലയിൽ അതിനുള്ള അവകാശങ്ങൾ അംഗീകരിക്കപ്പെടണം. ആ അവകാശങ്ങളിൽ ഒന്നാമത്തേത്, നിഷ്കളങ്കമായ ഓരോ മനുഷ്യജീവിക്കും ജീവിക്കാനുള്ള അലംഘ്യമായ അവകാശമാണ്.

അമ്മയുടെ ഉത്തരവാദിത്തത്തിനും സംരക്ഷണയ്ക്കും ഏല്പ്പിക്കപ്പെട്ടിരിക്കുന്ന ഗർഭസ്ഥ ശിശുവിനെ അമ്മയോ, അമ്മയുടെ സഹകരണത്തോടെ മറ്റുള്ളവരോ നശിപ്പിക്കുമ്പോൾ മാതൃത്വത്തെയും പിതൃത്വത്തെയും സംബന്ധിച്ച ഉന്നത മൂല്യങ്ങളാണ് നിഷേധിക്കപ്പെടുന്നത്. മനുഷ്യജീവൻ സംരക്ഷിക്കാനും പോഷിപ്പിക്കാനും കടപ്പെട്ട ഭിഷഗ്വരന്മാരും മറ്റും ജീവനെ ഇല്ലാതാക്കാൻ സഹായിക്കുന്നത് ഗൗരവകരമായ പാപമാണ്. ഗർഭഛിദ്രം നടത്തുന്ന വ്യക്തികൾ മഹറോൻ ശിക്ഷയ്ക്ക് അർഹരാണെന്ന് സഭാനിയമം അനുശാസിക്കുന്നു (CCEO 1450§2; CIC 1398). ഗർഭഛിദ്രമെന്ന പാപത്തിന്റെ ഗൗരവം വിശ്വാസികളെ പൂർണ്ണമായി ബോധ്യപ്പെടുത്തുകയാണ് സഭാനിയമത്തിന്റെ ലക്ഷ്യം. യഥാർത്ഥ മാനസാന്തരവും അനുതാപവും വ്യക്തികളിൽ വളർത്തുകയെന്ന ലക്ഷ്യവും ഈ ശിക്ഷയുടെ പിന്നിലുണ്ട്.

ഗർഭസ്ഥശിശുവിന്റെ ലിംഗം നിർണ്ണയിച്ച് താത്പര്യമില്ലെങ്കിൽ നശിപ്പിക്കുക, രോഗനിർണ്ണയം നടത്തി ആരോഗ്യമില്ലെങ്കിൽ ഇല്ലാതാക്കുക, കൃത്രിമ ബീജസങ്കലനം വഴി അനേകം ജീവനുകൾ സൃഷ്ടിച്ച് മെച്ചമായതിനെ തിരഞ്ഞെടുക്കുക തുടങ്ങി അനേകം പരീക്ഷണങ്ങളിലേക്ക് മനുഷ്യൻ ഇന്ന് തിരിയുന്നു. ഇവയൊക്കെ ജീവന്റെ മേഖലയിൽ മനുഷ്യൻ നടത്തുന്ന അതിക്രമങ്ങളാണ്. സ്രഷ്ടാവിനോട് സഹകരിക്കാൻ വിളിക്കപ്പെട്ട മനുഷ്യൻ സംഹാരകനാകുന്ന വൈരുദ്ധ്യമാണ് ഇവ വെളി



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

പ്പെത്തുന്നത്. ജീവന്റെ ആരംഭം മുതൽ ദൈവത്തോടു സഹകരിച്ച് ജീവൻ സംരക്ഷിക്കുകയെന്നത് എല്ലാ ദൈവ വിശ്വാസികളുടെയും ഗൗരവമുള്ള കടമയാണ്.

നാം ജീവിക്കുന്ന സാംസ്ക്കാരിക പശ്ചാത്തലത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ജീവനെതിരെയുള്ള മറ്റൊരു വെല്ലുവിളി 'ദയാവധ'മെന്ന ദുരന്തമാണ്. വളരുന്ന സാമ്പത്തിക അഭിവൃദ്ധിയും നൂതന വൈദ്യശാസ്ത്ര കണ്ടുപിടുത്തങ്ങളും ഇന്ന് മനുഷ്യ ജീവിതത്തെ സുഖകരമാക്കിയിട്ടുണ്ട്. ഒപ്പം, സുഖവും സന്തോഷവും പ്രദാനം ചെയ്യുന്നിടത്തോളം മാത്രമെ ജീവിതം വിലപ്പെട്ടതാവുകയുള്ളൂവെന്ന ചിന്താധാരയും നമ്മുടെ സാംസ്ക്കാരികാന്തരീക്ഷത്തിൽ പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നു. വാർദ്ധക്യവും രോഗവും സഹനവും ജീവിതത്തെ ദുർബലമാക്കുമ്പോൾ മനുഷ്യജീവൻ അവസാനിപ്പിക്കുവാനും അവസാനിപ്പിക്കാൻ ആവശ്യപ്പെടാനും മനുഷ്യന് അവകാശമുണ്ടെന്ന വാദം ദയാവധമെന്ന പ്രവണതയെ കൂടുതൽ സ്വീകാര്യമുള്ളതാക്കി മാറ്റുന്നു. ഇന്നത്തെ മാധ്യമങ്ങൾ ഈ ചിന്തയ്ക്ക് പ്രചാരം നൽകുകയും ചെയ്യുന്നു.

യഥാർത്ഥത്തിൽ ദയാവധം എന്നത് എല്ലാ സഹനവും ഇല്ലാതാക്കാൻ വേണ്ടി മനഃപൂർവ്വം ചെയ്യുന്നതും മരണകാരണവുമായ പ്രവൃത്തിയോ ഉപേക്ഷയോ ആണ്. സഹനത്തെ ഇല്ലാതാക്കുവാൻ വൈദ്യശാസ്ത്രത്തിന്റെ സഹായത്തോടെ സ്വന്തം ജീവൻ തന്നെ ഇല്ലാതാക്കുന്ന ഈ പ്രവണത ധാർമ്മിക തലത്തിൽ അതികഠിനമായ കുറ്റമാണ്. രോഗി സ്വന്തം താല്പര്യപ്രകാരം ഇത് ആവശ്യപ്പെടുമ്പോൾ ഇത് ആത്മഹത്യയാവുന്നു. രോഗിയുടെ താല്പര്യമനുസരിച്ചാണെങ്കിലും അല്ലെങ്കിലും മറ്റൊരാൾ ഇത് ചെയ്താൽ കൊലപാതകമായി മാറുന്നു. ജീവന് ആരംഭം കുറിക്കാൻ അശക്തനായ മനുഷ്യന് ജീവന് അതിരും അന്ത്യവും കുറിക്കുവാനും നിശ്ചയിക്കുവാനും അധികാരമില്ല.

ജീവിത യാത്രയുടെ അന്ത്യത്തിൽ മനുഷ്യൻ സ്വാഭാവികമായും നേരിടേണ്ട യാഥാർത്ഥ്യമാണ് മരണം. മരണത്തെ ജീവിതത്തികവായും നിത്യജീവിതത്തിലേക്കുള്ള പ്രവേശനമായും കാണുവാൻ നാം തയ്യാ





റാകണം. ഈ ജീവിത ദർശനം നഷ്ടപ്പെടുമ്പോൾ സഹനങ്ങൾ അർത്ഥശൂന്യമാകും. മാറാരോഗം ബാധിച്ച് മരണത്തെ കാത്തുകിടക്കുകയെന്നത് വലിയൊരു ഭാരവും നഷ്ടവുമായി അനുഭവപ്പെടും. അപ്പോൾ ദയാവധം 'കരുണ'യുടെ അഥവാ 'ദയ'യുടെ മുഖപടമണിയുന്നു. യഥാർത്ഥത്തിൽ ഇത് ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടവും ജീവന്റെ നിഷേധവുമാണ്.

ജീവന്റെ മഹത്വം സംരക്ഷിക്കുന്നതിനുള്ള ഏതൊരു പ്രവൃത്തിയും ശ്ലാഘനീയമാണ്. ദൈവിക നിയമങ്ങൾ മനഃസാക്ഷിയിലൂടെ പ്രകമ്പനം കൊള്ളുമ്പോൾ അതിനെ കണക്കിലെടുത്ത് പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കണം. ചില രാഷ്ട്രനിയമങ്ങൾ ദൈവിക നിയമങ്ങളെ ലംഘിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഓരോരുത്തരും മനുഷ്യ ജീവന് ആദരവും സ്നേഹവും നൽകുന്ന വ്യക്തികളായി മാറണം. അപ്പോൾ നമ്മുടെ മണ്ണിൽ ജീവന്റെ സംസ്ക്കാരം കുടികൊള്ളുകയും വളരുകയും ചെയ്യും. ഈ സംസ്ക്കാരത്തിന്റെ പ്രവാചകരായി മാറണം നമ്മൾ. അതിനുള്ള പ്രചോദനം സമാഗതമാകുന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ പരിചിന്തനങ്ങളിലൂടെയും അതിന് ഒരുക്കമായി വിവിധ തലങ്ങളിൽ നടത്തുന്ന ചർച്ചകളിലൂടെയും ഉൾക്കൊള്ളുവാൻ ഏവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **മെയ് 9-ാം** തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# From the Bishop's Diary

| | | |
|---|---|---|
| May 2010 | | |
| 1 | A.M. | Kanjirapuzha Dam |
| | P.M. | Church Blessing, Irumpakachola |
| 2 | A.M. | Elavampadam |
| | P.M. | Kollenkode |
| 4 | P.M. | Meeting, Bishop's House |
| 5 | | Trichur |
| 6 | A.M. | Forane Church, Thavalam |
| | P.M. | Sehion Retreat Centre, Thavalam |
| 8 | A.M. | Cheenikkarapa |
| | P.M. | Assisi Sadhan, Thathamangalam |
| 9 | | Jubilee, Kodamthuruthu Church |
| 10 | P.M. | Jai Christo Provincial Hosue, Palakkad |
| 11-12 | | Nivedhitha, Chunangumvely |
| 13 | A.M. | Kodunthirapally |
| | P.M. | Njarakode |
| 14 | P.M. | Sinai Retreat Centre, Mundur |
| 15 | A.M. | Mylampully |
| | P.M. | Mangalam Dam |
| 16 | A.M. | Agali |
| | P.M. | Vayalur |
| 20-21 | | Mount St. Thomas, Kakkanad |
| 22 | | Vestition, Kanjikode |
| 24-25 | | Priests' Tri-Monthly, Yuva kshetra |
| 29 | 10 a.m | Catechism Council Meeting, Pastoral Centre |
| | 11 a.m. | Pastoral Council Meeting, Pastoral Centre |
| 30 | | Thrithwamala |
| **June 2010** | | |
| 6 | | Chittady |
| 7-9 | | KCBC meeting, POC, Kochi |
| 10 | | Ullala |





# From the Bishop's Office

**വൈദികരുടെ ത്രൈമാസ സമ്മേളനം**

ബഹുമാനപ്പെട്ട വൈദികരുടെ ത്രൈമാസ സമ്മേളനം മുണ്ടൂർ യുവ ക്ഷേത്രയിൽ വെച്ച് മെയ് 24, 25 തിയ്യതികളിൽ നടത്തപ്പെടുന്നതാണ്.

**ഇടവക പ്രഖ്യാപനം**

പോത്തുണ്ടി ഗുഡ്ഷെപ്പേർഡ് സ്റ്റേഷനെ 17-04-2010 മുതൽ അഭിവന്ദ്യ പിതാവ് ഇടവകയായി ഉയർത്തിയിരിക്കുന്നു.

**നന്ദി - ആശംസകൾ**

നമ്മുടെ രൂപതയിൽ നിന്നും പുതുതായി രൂപംകൊണ്ട രാമനാഥപുരം രൂപതയിലേക്ക് സേവനം ചെയ്യുവാൻ സ്ഥിരമായി പോകുന്ന റവ. ഫാ. ജോർജ്ജ് നരിക്കുഴി, റവ. ഫാ. ഷാജി പണ്ടാരപ്പറമ്പിൽ, റവ. ഫാ. ജോസ് കന്നുംകുഴി, റവ. ഫാ. വിൽസൻ പ്ലാക്കൽ, റവ. ഫാ. ഫ്രാൻസിസ് പൊട്ടത്തുപറമ്പിൽ, റവ. ഫാ. ജോസഫ് പുത്തൂർ, റവ. ഫാ. പ്രിൻസൻ മഞ്ഞളി, റവ. ഫാ. ജോബി തെക്കിനേടത്ത്, റവ. ഫാ. തോമസ് കാവുങ്കൽ, റവ. ഫാ. ജോസഫ് ആലപ്പാടൻ, റവ. ഫാ. ജോൺസൺ കട്ടിയകാരൻ, റവ. ഫാ. സെബി കുണ്ടുകുളം, റവ. ഫാ. വർഗ്ഗീസ് പുത്തനങ്ങാടി, റവ. ഫാ. ജോൺസൺ വീപ്പാട്ടുപറമ്പിൽ എന്നിവർ നമ്മുടെ രൂപതയിൽ ഇതുവരെ ചെയ്ത എല്ലാ സേവനങ്ങൾക്കും നന്ദിയും പുതിയ രൂപതയിലെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു. രാമനാഥപുരം രൂപതയിൽ 2010 മെയ് 19 മുതൽ താല്ക്കാലിക സേവനത്തിനായി നിയോഗിക്കപ്പെട്ട വൈദികർ : റവ. ഫാ. ജോസ് കുളമ്പിൽ, റവ. ഫാ. ജോൺസൺ കണ്ണാമ്പാടത്തിൽ, റവ. ഫാ. ബിജോയ് ചോതിരക്കോട്ട്, റവ. ഫാ. സന്തോഷ് മുരിക്കനാനിക്കൽ, റവ. ഫാ. ഷിജോ മാവറയിൽ, റവ. ഫാ. ജോസഫ് കളപ്പുരയ്ക്കൽ എന്നിവരാണ്.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്**

2008-2011 വർഷത്തേക്കുള്ള രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത യോഗം മെയ് 29 ശനിയാഴ്ച 11 മണിക്ക് രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് കൂടുന്നതാണ്. 2010 ആഗസ്റ്റ് മാസത്തിൽ കാക്കനാട് വെച്ച് നടക്കുന്ന ത്രിതീയ അസംബ്ലിയുടെ 'വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും' എന്ന മാർഗ്ഗരേഖയാണ് നമ്മുടെ ചർച്ചാവിഷയം. എല്ലാ അംഗങ്ങളെയും പ്രത്യേകം ക്ഷണിക്കുന്നു.

ഫാ. തോം കിഴക്കേടത്ത്
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

## രാമനാഥപുരം രൂപത ഉദ്ഘാടനം - മെത്രാഭിഷേക കർമ്മം - ഒരു അവലോകനം

വളർച്ചയുടെ 36 വർഷങ്ങൾ പിന്നിട്ട പാലക്കാട് രൂപതയ്ക്ക് ചരിത്രതാളുകളിൽ കുറിച്ചുവെയ്ക്കാൻ ലഭിച്ച അതുല്യ ദിനമാണ് 2010 ഏപ്രിൽ 11. അന്നാണ് പാലക്കാട് രൂപതയുടെ ഭാഗമായിരുന്ന തമിഴ്നാട്ടിലെ കോയമ്പത്തൂർ, ഈറോഡ്, തിരുപ്പൂർ, കരൂർ എന്നീ ഭാഗങ്ങൾ ചേർത്ത് 'രാമനാഥപുരം' എന്ന പേരിൽ പുതിയ രൂപത ഔദ്യോഗികമായി നിലവിൽ വന്നതും, അതിന്റെ പ്രഥമ സാരഥിയായി മാർ പോൾ ആലപ്പാട്ട് പിതാവ് അഭിഷിക്തനായതും. 'മാതൃരൂപത' എന്ന മഹനീയ നാമത്തിനർഹയായ പാലക്കാട് രൂപതയ്ക്ക് ഇത് ദൈവാനുഗ്രഹത്തിന്റെയും സ്വപ്ന സാക്ഷാത്ക്കാരത്തിന്റെയും മഹനീയ സംഭവമാണ്.

2010 ജനുവരി 18നാണ് ഈ ചരിത്ര സംഭവത്തിന്റെ ഔദ്യോഗിക അറിയിപ്പ് സഭാകേന്ദ്രമായ മൗണ്ട് സെന്റ് തോമസ്സിൽ നിന്ന് നമുക്ക് ലഭിച്ചത്. രൂപതാ പ്രഖ്യാപന ദിനത്തിലെ പരിപാടികൾ ഫെബ്രുവരി മാസത്തിലെ ബുള്ളറ്റിനിൽ കൊടുത്തിരുന്നതിനാൽ അക്കാര്യങ്ങൾ ഇവിടെ പരാമർശിക്കുന്നില്ല.

മെത്രാഭിഷേക കർമ്മങ്ങൾ ഏറ്റം ഭംഗിയായി നിർവ്വഹിക്കപ്പെടണമെന്നും പുതിയ രൂപതാദ്ധ്യക്ഷനുവേണ്ടി പ്രാർത്ഥിക്കണമെന്നും നമ്മുടെ പിതാവ് വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. ജനുവരി 28ന് കൂടിയ ആലോചനാ സമിതിയിലും ഫെബ്രുവരി 8ന് ചേർന്ന ത്രൈമാസ സമ്മേളനത്തിലും മെത്രാഭിഷേക കർമ്മത്തിന്റെ രൂപരേഖ തയ്യാറാക്കുകയും തുടർന്നുള്ള പ്രവർത്ത





നങ്ങൾക്ക് രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി ചെയർമാനും, കോയമ്പത്തൂർ റീജിയൻ സിഞ്ചെല്ലൂസ് മോൺ. ജോർജ്ജ് നരിക്കുഴി കൺവീനറുമായി പ്രാതിനിധ്യ സ്വഭാവമുള്ള അഡ്ഹോക്ക് കമ്മിറ്റിക്ക് രൂപം നൽകി.

ഫെബ്രുവരി 3ന് കൂടിയ അഡ്ഹോക്ക് കമ്മിറ്റി യോഗത്തിൽവെച്ച്, മെത്രാഭിഷേക കർമ്മത്തിന്റെ വിശദാംശങ്ങൾ ചർച്ചചെയ്തു. എല്ലാ ഇടവകകൾക്കും പ്രാതിനിധ്യം നൽകത്തക്കവിധം ജനറൽ ബോഡിക്ക് രൂപം നൽകുവാൻ പ്രസ്തുത യോഗത്തിൽ തീരുമാനിച്ചു. അതുപ്രകാരം ഫെബ്രുവരി 9ന് രാമനാഥപുരം പാരിഷ് ഹാളിൽ ചേർന്ന സമ്മേളനത്തിൽ 16 കമ്മിറ്റികൾ രൂപീകരിച്ചു. അന്നുതന്നെ ഓരോ കമ്മിറ്റിയും തനിച്ച് സമ്മേളിച്ച് തങ്ങൾ നിർവ്വഹിക്കേണ്ടവയെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുകയും ഉന്മേഷത്തോടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. കമ്മിറ്റികളുടെ ചെയർമാന്മാരും, കൺവീനർമാരും അഡ്ഹോക്ക് കമ്മിറ്റിയംഗങ്ങളും ഉൾക്കൊള്ളുന്ന കോ-ഓർഡിനേഷൻ കമ്മിറ്റി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു.

പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് മാർച്ച് 10ന് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ രാമനാഥപുരത്തുവെച്ച് യോഗം ചേർന്നു. കമ്മിറ്റികളുടെ അന്നുവരെയുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ടവർ യോഗത്തിൽ അവതരിപ്പിച്ചു. കമ്മിറ്റികളുടെ പ്രവർത്തന കാര്യക്ഷമതയിൽ പിതാവ് സംതൃപ്തി പ്രകടിപ്പിച്ചു. മെത്രാഭിഷേകവും പൊതുസമ്മേളനവും ആർഭാടമാക്കുക എന്നതിനെക്കാൾ കൂടുതൽ ഭക്തിനിർഭരവും, അർത്ഥപൂർണ്ണവും ആയിരിക്കുവാൻ ശ്രദ്ധിക്കണമെന്ന് പിതാവ് നിർദേശിച്ചു.

ഏപ്രിൽ 11 പുതുഞായർ - നമ്മുടെ പിതാവായ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപന ദിനം! പുതിയ രൂപതയുടെ മദ്ധ്യസ്ഥനായി മാർ പോൾ ആലപ്പാട്ട് പിതാവ് തെരഞ്ഞെടുത്തത് വി. തോമാശ്ലീഹായെയാണ്. സഹമദ്ധ്യസ്ഥയായി നമ്മുടെ മണ്ണിന്റെയും സഭയുടെയും മകളായ വി. അൽഫോൻസാമ്മയെയും. മറുനാട്ടിൽ നമ്മുടെ സഭയുടെ തനിമ വിളിച്ചറിയിക്കുന്ന ഈ വിശുദ്ധരുടെ പേരുകൾക്കുള്ള ആത്മീയ പ്രസക്തി വരും തലമുറ മനസ്സിലാക്കുമെന്ന് പ്രത്യാശിക്കാം.

നിശ്ചയിക്കപ്പെട്ട സമയം സമാഗതമായി. രാമനാഥപുരം അൽവേർണിയ സ്കൂൾ ഗ്രൗണ്ട് പുതിയ ഇടയന്റെ മെത്രാഭിഷേകത്തിനുള്ള സുന്ദരവേദിയായി ഒരുങ്ങിക്കഴിഞ്ഞു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികളുടെ സമൂഹം ഒഴുകിയെത്തി. പതിനായിരംപേർക്കിരിക്കാൻ തയ്യാറാക്കിയ പന്തൽ നിറഞ്ഞു കഴിഞ്ഞപ്പോൾ ചുറ്റുമുള്ള മരത്തണലിൽ ജനം കസേര നിരത്തി തിരുക്കർമ്മത്തിൽ പങ്കെടുക്കാൻ നിർമേഷരായി കാത്തിരുന്നു.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

രാമനാഥപുരം ഹോളിട്രിനിറ്റി കത്തീഡ്രലിൽ പ്രാർത്ഥനാ നിമഗ്നായിരുന്ന നിയുക്ത മെത്രാനെ കൃത്യം 2.30ന് കത്തീഡ്രൽ വികാരി മാലയണിയിച്ച് പ്രത്യേകം സജ്ജമാക്കിയ രഥത്തിൽ അഭിഷേക വേദിയിലേക്ക് ആനയിച്ചു. കത്തീഡ്രൽ മുതൽ മെത്രാഭിഷേക പന്തൽ വരെ 30 പേർ വീതമുള്ള 5 സ്കൂൾ ബാന്റുസെറ്റുകളുടെ താളമേളവാദ്യങ്ങൾ ജനങ്ങളിൽ ഉത്സവപ്രതീതി ഉളവാക്കി. മുത്തുക്കുടകളും പേപ്പൽ പതാകളും വഹിച്ചുകൊണ്ട് ജനം റോഡിന്റെ ഇരുഭാഗങ്ങളിലും അണിനിരന്ന് തൊഴുകയ്യോടെ കടന്നുവന്ന തങ്ങളുടെ പുതിയ ഇടയനെ ആത്മാഭിമാനത്തോടെ എതിരേറ്റു.

നിയുക്ത മെത്രാനോടൊപ്പം മറ്റു പിതാക്കന്മാർ തിരുവസ്ത്രങ്ങളണിഞ്ഞ് അൽവേർണിയ കപ്പേളയിൽ നിന്ന് അഭിഷേക വേദിയിലേക്ക് പ്രദക്ഷിണമായി നടന്നു നീങ്ങിയപ്പോൾ തങ്ങളുടെ പുതിയ ഇടയന് വരവേൽപ്പ് ആശംസിക്കുന്ന ശ്രുതിമധുരമായ ഗാനം ഗായകസംഘം ആലപിച്ചു. മെത്രാന്മാർ വേദിയിൽ ഉപവിഷ്ടരായി. പുതിയ രൂപതയെയും മെത്രാനെയും സംബന്ധിക്കുന്ന ഔദ്യോഗിക കല്പന മൗണ്ട് സെന്റ് തോമസ് കൂരിയ ചാൻസലർ വെരി. റവ. ആന്റണി കൊള്ളന്നൂർ സദസ്സിൽ വായിച്ചു.

അഭിഷേക കർമ്മങ്ങൾക്ക് ആരംഭമായി നിയുക്ത മെത്രാൻ പോൾ ആലപ്പാട്ട് രക്തസാക്ഷികളുടെ തിരുശേഷിപ്പ് വന്ദിച്ച് വിശ്വാസപ്രഖ്യാപനം നടത്തി. മെത്രാഭിഷേക കർമ്മത്തിൽ തൃശൂർ ആർച്ചു ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യ കാർമ്മികത്വം വഹിച്ചു. മാർ ജേക്കബ് തൂങ്കുഴി, മാർ ജേക്കബ് മനത്തോടത്ത് എന്നീ പിതാക്കന്മാർ സഹകാർമ്മികരായിരുന്നു. മദ്രാസ് മൈലാപ്പൂർ ആർച്ചുബിഷപ്പ് - മോസ്റ്റ് റവ. ഡോ. ചിന്നപ്പ, കോയമ്പത്തൂർ ബിഷപ്പ് - മോസ്റ്റ് റവ. ഡോ. തോമസ് അക്വിനോസ്, സേലം ബിഷപ്പ് - മോസ്റ്റ് റവ. ഡോ. എസ്. സിങ്കാരോയൻ, ചങ്ങനാശ്ശേരി അതിരൂപതാ ആർച്ചു ബിഷപ്പ് - അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം, തലശ്ശേരി അതിരൂപത ആർച്ചു ബിഷപ്പ് - അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം, താമരശ്ശേരി ബിഷപ്പ് എമിരത്തൂസ് - അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി, തക്കല ബിഷപ്പ് - അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി, ബിജ്നോർ ബിഷപ്പ് എമിരത്തൂസ് - അഭിവന്ദ്യ മാർ ഗ്രേഷ്യൻ മുണ്ടാടൻ, കല്യാൺ ബിഷപ്പ് - അഭിവന്ദ്യ മാർ തോമസ് ഇലവനാൽ, എറണാകുളം അങ്കമാലി സഹായ മെത്രാൻ - അഭിവന്ദ്യ മാർ തോമസ് ചക്കിയാത്ത്, ഉജ്ജെയ്ൻ ബിഷപ്പ് - അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വടക്കേൽ, ഇരിഞ്ഞാലക്കുട ബിഷപ്പ് - അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ, താമരശ്ശേരി ബിഷപ്പ് - അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, തൃശൂർ അതിരൂപതാ സഹായമെത്രാൻ - അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ, മൂവാറ്റുപുഴ മെത്രാൻ - മോസ്റ്റ് റവ. അബ്രഹാം മാർ ജൂലിയോസ്, കോട്ടയം അതിരൂപത സഹായമെത്രാൻ -





അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരി, മാനന്തവാടി ബിഷപ്പ് - അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം, കാഞ്ഞിരപ്പള്ളി ബിഷപ്പ് - അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ, പാലാ ബിഷപ്പ് - അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, കോതമംഗലം ബിഷപ്പ് - അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ, സാഗർ ബിഷപ്പ് എമിരത്തൂസ് - അഭിവന്ദ്യ മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ, ഗോരക്പൂർ ബിഷപ്പ് - അഭിവന്ദ്യ മാർ തോമസ് തുരുത്തിമറ്റം, ബെൽത്തങ്ങാടി ബിഷപ്പ് - അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി, ഡെൽഹി അതിരൂപത സഹായമെത്രാൻ - അഭിവന്ദ്യ മാർ ഫ്രാങ്കോ മുളയ്ക്കൽ എന്നിവരും തുരുക്കർമ്മത്തിൽ പങ്കെടുത്തു. സ്തോത്രഗീതങ്ങളും കാനോനപ്രാർത്ഥനകളും വിശുദ്ധ ഗ്രന്ഥവായനകളും തിരുക്കർമ്മത്തെ ഭക്തിസാന്ദ്രമാക്കി. സുവിശേഷം പഠിപ്പിക്കുവാനുള്ള മെത്രാന്റെ മർമ്മപ്രധാന ദൗത്യത്തെ വിളിച്ചറിയിക്കുവാൻ മുട്ടുകുത്തി നിൽക്കുന്ന മെത്രാന്റെ ചുമലിൽ സുവിശേഷ ഗ്രന്ഥം വെച്ചുള്ള പ്രാർത്ഥന ജനങ്ങളിൽ ആത്മീയ നിർവൃതിയുളവാക്കി.

അഭിഷേക ശുശ്രൂഷയ്ക്കുശേഷം സ്ഥാനാരോഹണ കർമ്മം നടന്നു. തുടർന്ന് നവാഭിഷിക്തനെ വേദിയിലുണ്ടായിരുന്ന മെത്രാന്മാർ ആലിംഗനം ചെയ്ത് അഭിനന്ദനം അറിയിച്ചപ്പോൾ വിശ്വാസികളുടെ സമൂഹം തങ്ങളുടെ പ്രിയപ്പെട്ട ഇടയനെ ഹൃദയത്തിൽ വണങ്ങി. - രാമനാഥപുരം രൂപതയിൽ മുഴുവൻ കാലവും സേവനം ചെയ്യുവാൻ നിശ്ചയിച്ചുറച്ച വൈദികർ തങ്ങളുടെ പുതിയ മെത്രാന്റെ മോതിരം ചുംബിച്ച് വിധേയത്വവും ആദരവും പ്രകടിപ്പിച്ചു. സി.എം.ഐ. പ്രേഷിത പ്രൊവിൻസ് പ്രൊവിൻഷ്യാൾ ബ. ആന്റണി പുത്തനങ്ങാടിയച്ചൻ തിരുക്കർമ്മങ്ങളിൽ ആർച്ചു ഡീക്കനായിരുന്നു. പിതാവിനോടൊപ്പം ഏതാനും മെത്രാന്മാരും നൂറിലേറെ വൈദികരും സമൂഹബലി അർപ്പിച്ചു. സേലം രൂപതാദ്ധ്യക്ഷൻ മോസ്റ്റ് റവ. സിങ്കാറോയൻ തിരുവചന പ്രഘോഷണം നടത്തി. അർപ്പിക്കുന്ന സർവ്വതും സ്വീകരിച്ച് അനശ്വരമാക്കുന്ന ദൈവതൃക്കരങ്ങളിൽ ദൈവജനം തങ്ങളുടെ പുതിയ ഇടയനെയും രൂപതയെയും സമർപ്പിച്ച് പ്രാർത്ഥിച്ചു.

തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ എത്തിയ എല്ലാവർക്കും തിരുപ്പൂർ ഇടവകക്കാർ ഭക്ഷണപൊതിയും ചായയും പവിഴം ജ്വല്ലേഴ്സ് ഉടമ ശ്രീ. സണ്ണി ദാഹശമനത്തിനായി എല്ലാവർക്കും കുപ്പിവെള്ളവും ഏർപ്പെടുത്തിയിരുന്നു. തിരുക്കർമ്മ പുസ്തകം സ്പോൺസർ ചെയ്തത് കാത്തലിക് സിറിയൻ ബാങ്കാണ്. എല്ലാവർക്കും പ്രത്യേകം നന്ദി.

കത്തീഡ്രൽ കുട്ടികളുടെ പ്രാർത്ഥനാ ഡാൻസോടുകൂടെ ആരംഭിച്ച പൊതു സമ്മേളനത്തിൽ കോയമ്പത്തൂർ ബിഷപ്പ് മോസ്റ്റ് റവ. ഡോ. തോമസ് അക്വിനസ് അദ്ധ്യക്ഷ്യം വഹിച്ചു. തമിഴ്നാട് കാത്തലിക് ബിഷപ്പ്സ് കൗൺസിലിന്റെ ചെയർമാനും മദ്രാസ് മൈലാപ്പൂർ ആർച്ചുബിഷപ്പുമായ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

മോസ്റ്റ് റവ. ഡോ. എം. ചിന്നപ്പ യോഗം ഉദ്ഘാടനം ചെയ്തു. തമിഴ്നാട് ഗ്രാമീണ വ്യവസായ മന്ത്രി തിരു. പൊങ്കല്ലൂർ പളനിസ്വാമി മുഖ്യപ്രഭാഷണം നടത്തി. അവിഭക്ത പാലക്കാട് രൂപതയുടെ അദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ പ്രഭാഷണത്തിൽ തമിഴ്നാട്ടിലെ ദൈവജനത്തോടുള്ള ആത്മബന്ധത്തിന്റെ ഹൃദയത്തുടിപ്പുകൾ പ്രകടമായിരുന്നു. ഒരു പുതിയ രൂപതയ്ക്ക് ജന്മം നൽകത്തക്കവിധം പാലക്കാട് രൂപതയ്ക്ക് ലഭിച്ച ദൈവാനുഗ്രഹത്തെയും വളർത്തി വലുതാക്കിയ ദിവംഗതനായ ഇരുമ്പൻ പിതാവിനെയും പിതാവിനോടൊപ്പം കോയമ്പത്തൂർ ഭാഗത്ത് പ്രവർത്തിച്ച ബഹു. വൈദികരെയും സന്യസ്തരെയും അല്മായ സഹോദരങ്ങളെയും അദ്ദേഹം നന്ദിയോടെ അനുസ്മരിച്ചു. ഇന്നലെ വരെ പാലക്കാട് രൂപതയെന്നു പറയുമ്പോൾ കോയമ്പത്തൂർ കൂടെ ഉൾപ്പെട്ടതായിരുന്നു. എന്നാൽ, പാലക്കാട് രൂപതയുടെ മെത്രാൻ എന്നു പറയുമ്പോൾ ഇന്ന് പേരു സൂചിപ്പിക്കുന്നതുപോലെ താൻ കൃത്യമായി പാലക്കാടിന്റെ മാത്രം മെത്രാനായി തീർന്നിരിക്കുന്നുവെന്ന് പിതാവ് സൂചിപ്പിച്ചു. ആ വാക്കുകളിൽ ഔദ്യോഗിക വിടപറച്ചിലിന്റെ പ്രതിധ്വനി ജനം തൊട്ടറിഞ്ഞു.

സീറോമലബാർ റീത്തിൽപ്പെട്ടവർക്ക് കോയമ്പത്തൂർ ഭാഗത്ത് പുതിയ രൂപത വേണമെന്ന ആവശ്യം അവിടെയുള്ള ജനങ്ങളിൽ നിന്നും സ്വന്തം അനുഭവത്തിൽനിന്നും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് രൂപതാ വിഭജനത്തിനുള്ള ഔദ്യോഗിക നീക്കങ്ങളാരംഭിച്ചതെന്നും മേജർ ആർക്കി എപ്പിസ്കോപ്പൽ സിനഡ് നമ്മുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുകയും അനുകൂല നിലപാട് സ്വീകരിക്കുകയും ചെയ്തു. കാലതാമസം കൂടാതെ എല്ലാ ഔദ്യോഗിക നടപടിക്രമങ്ങളും പൂർത്തീകരിച്ചു. റോമിൽ നിന്നുള്ള അംഗീകാരത്തോടെ മേജർ ആർച്ചു ബിഷപ്പിന്റെ കല്പന 2010 ജനുവരി 18ന് നമുക്ക് ലഭിക്കുകയും ചെയ്തു. പുതിയ രൂപതയുടെ രൂപീകരണ നടപടിക്രമങ്ങൾ സുഗമമാക്കിയ മേജർ ആർച്ചു ബിഷപ്പിനോടും മെത്രാന്മാരുടെ സിനഡിനോടും പിതാവ് നന്ദി അറിയിച്ചു.

രൂപതകളുടെ അതിർത്തികൾ മാത്രമെ വിഭജിക്കപ്പെട്ടിട്ടുള്ളുവെന്നും വ്യക്തിബന്ധങ്ങൾക്ക് മാറ്റമില്ലെന്നുമുള്ള പിതാവിന്റെ ഹൃദയസ്പർശിയായ വാക്കുകൾ ശ്രവിച്ചപ്പോഴാണ് തങ്ങൾ രണ്ടായല്ലോ എന്ന ചിന്ത ജനഹൃദയത്തിൽ അങ്കുരിച്ചത്.

മൂവാറ്റുപുഴ മെത്രാൻ മാർ. എബ്രഹാം ജൂലിയോസ്, കോയമ്പത്തൂർ മേയർ ദിവ്യശ്രീ. വെങ്കിടാചലം. രാമനാഥപുരം കത്തീഡ്രൽ വികാരി. വെരി. മോൺ. റവ. ഫാ. ജോർജ്ജ് നരിക്കുഴി, സി.എം.ഐ. പ്രൊവിൻഷ്യൽ പെരി. റവ. ആന്റണി പുത്തനങ്ങാടി, എക്യുമെനിക്കൽ ഫെലോഷിപ്പ് സെക്രട്ടറി റവ. ഫാ. കെ. വി. ജോയ്, ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് പ്രൊവിൻഷ്യാൾ





റവ. സി. ക്രിസെറ്റ്, കോയമ്പത്തൂർ റീജണൽ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. എ. ആർ. ജോസ്., കോയമ്പത്തൂർ റീജണൽ മാതൃസംഘം പ്രസിഡന്റ് ശ്രീമതി. ആനി പൗലോസ് എന്നിവരും പുതിയ പിതാവിന് ആശംസകൾ അർപ്പിച്ചു.

പുതിയ ഇടയന്റെ സ്വരം കേൾക്കുവാൻ ജനം കാതോർത്തിരുന്നു. തന്റെ ജനത്തെ നയിക്കുവാൻ ഓരോ കാലങ്ങളിൽ ഓരോ വ്യക്തികളെ വിളിച്ച് നിയോഗിക്കുന്നതുപോലെ ഈ കാലത്തും സമയത്തും സ്ഥലത്തും ദൈവപിതാവിന്റെ ജോലി തുടരുവാൻ തന്നെയും വിളിച്ചിരിക്കുന്നുവെന്ന് മാർ പോൾ ആലപ്പാട്ട് പിതാവ് വെളിപ്പെടുത്തിയപ്പോൾ, ജനഹൃദങ്ങളിൽ ദൈവമേ, ഞങ്ങളുടെ പിതാവിനെ നീ നയിക്കണമെ എന്ന പ്രാർത്ഥന ദൈവസന്നിധിയിലേക്കുയർന്നു. ഈശോയുടെ ഇഷ്ടാനുസരണം രൂപതയെ വളർത്തുവാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹായസഹകരണവും പിതാവ് അഭ്യർത്ഥിച്ചു. കോയമ്പത്തൂർ പ്രദേശത്തെയും വ്യക്തികളെയും വളർത്തി വലുതാക്കാൻ അഭി. മാർ ജോസഫ് ഇരുമ്പൻ പിതാവ് അനുഷ്ഠിച്ച ത്യാഗോജ്ജ്വല നേതൃത്വവും ഇവിടുത്തെ വൈദികരും സന്യസ്തരും അല്മായ സഹോദരങ്ങളും അനുഷ്ഠിച്ച ശുശ്രൂഷകളും കഴിഞ്ഞ 13 വർഷക്കാലം കോയമ്പത്തൂരിലെ സഭയുടെ വളർച്ചക്കുവേണ്ടി രൂപതാദ്ധ്യൻ എന്ന നിലയിൽ മാർ ജേക്കബ് മനത്തോടത്ത് പിതാവ് നൽകിയ സേവനങ്ങളും മാർ പോൾ ആലപ്പാട്ട് പിതാവ് നന്ദിയോടെ അനുസ്മരിച്ചു. തുടർന്ന് രൂപതയിലെ വിവിധ സംഘടനാ പ്രതിനിധികളും സന്യാസസഭാധികാരികളും പിതാവിന് ബൊക്കെ നൽകി ആദരിച്ചു. യോഗത്തിൽ പാലക്കാട് രൂപതാ വികാരി ജനറാളും എപ്പിസ്ക്കോപ്പൽ ഓർഡിനേഷൻ ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാനുമായ ബഹു. മോൺ ജോസഫ് ചിറ്റിലപ്പിള്ളി സ്വാഗതവും പാലക്കാട് പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീ. ലോറൻസ് സമ്മേളനത്തിന് നന്ദിയും അർപ്പിച്ചു.

മെത്രാഭിഷേക കർമ്മത്തിന്റെ ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ എന്റെ സഹപ്രവർത്തകരോട് ഒന്നുരണ്ട് കാര്യങ്ങൾ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ പരിപാടികൾ പ്ലാൻ ചെയ്തതുപോലെ ഭക്തിസാന്ദ്രവും മികവുറ്റതുമായിരുന്നുവെന്ന് പിതാക്കന്മാരും അതിഥികളും പങ്കെടുത്തവരും അറിയിക്കുകയുണ്ടായി. ഒന്നിനും കുറവുവരാത്ത വിധത്തിൽ എല്ലാകാര്യത്തിലും എല്ലാ കമ്മിറ്റി അംഗങ്ങളും ആത്മാർത്ഥമായി കൂട്ടുത്തരവാദിത്തത്തോടെ പ്രവർത്തിച്ചതുകൊണ്ടാണല്ലോ പങ്കെടുത്തവർക്ക് സംതൃപ്തിയുണ്ടായതും എല്ലാ നന്നായി ചെയ്തുവെന്ന് പറഞ്ഞ് നമ്മളെ പ്രശംസിച്ചതും. ഇതിൽ നമുക്ക് അഭിമാനിക്കാം. കൂടാതെ പരസ്യങ്ങൾ തന്ന് സഹായിച്ചവർക്കും മറ്റു ക്രമീകരണങ്ങൾ ചെയ്തവർക്കും സ്കൂൾ ഗ്രൗണ്ടും മറ്റു



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

സംവിധാനങ്ങളും ഇതിനായി വിട്ടുതന്ന അൽവേർണിയ സ്ഥാപനാധികരികൾക്കും ആവശ്യമായ എല്ലാ അനുവാദങ്ങളും തന്ന പോലീസ് അധികാരികളോടും വാഹനപാർക്കിംഗ് സൗകര്യങ്ങൾ നൽകിയ സ്ഥാപ നാധികാരികളോടും തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് വിജയിപ്പിച്ചവരോടും നമുക്കുള്ള കടപ്പാട് ഏറെയാണ്. കാരുണ്യവാനായ കർത്താവ് അവരെ അനുഗ്രഹിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഇത്രയും വലിയ ഒരു പരിപാടിയിൽ പലരും ചേർന്ന് പ്രവർത്തിക്കുമ്പോൾ സ്വഭാവികമായി ഉണ്ടാകാവുന്ന അസ്വസ്ഥതകൾ നമുക്കും അനുഭവപ്പെട്ടിട്ടുണ്ടാകാം. എന്നാൽ അതൊക്കെ നമ്മൾ ദൈവികാരൂപിയോടെ ആത്മസംയമനം ചെയ്ത് സമർപ്പിച്ചപ്പോൾ വ്യക്തികൾക്കുണ്ടായ വേദനകളെ ദിവ്യനാഥൻ അനുഗ്രഹങ്ങളാക്കി മാറ്റി എന്ന വിശ്വാസമല്ലേ എല്ലാം ഭംഗിയായി പര്യവസാനിച്ചതിന്റെ അകവും പുറവും? മെത്രാഭിഷേകമെന്ന മഹാ സംഭവത്തിൽ പങ്കാളികളായി പ്രവർത്തിക്കുവാൻ നമുക്ക് കഴിഞ്ഞുവെന്നതല്ലേ നമ്മുടെ സന്തോഷത്തിന്റെയും സംതൃപ്തിയുടെയും ബാക്കിപത്രം.

**ഫാ. ജോസഫ് ചിറ്റിലപ്പിള്ളി**
വികാരി ജനറാൾ, ആഘോഷകമ്മിറ്റി ചെയർമാൻ

രൂപതയിലേക്കുള്ള അപേക്ഷകളുടെയും മറ്റു സർട്ടിഫിക്കറ്റുകളുടെയും ഫോമുകൾ, പള്ളികളുടെയും ആശ്രമങ്ങളുടെയും മഠങ്ങളുടെയും രൂപതയിലെ വൈദികരുടെയും അഡ്രസ്സുകൾ ഇപ്പോൾ (Download) **www.palghatdiocese.org** ലഭ്യമാണ്.

# Family Apostolate

**പ്രീകാന കോഴ്സ്**
**2010 മെയ് 3, 4, 5, 6, ജൂൺ 7, 8, 9, 10**
തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-06-10 | TUE | Rev. Fr. Thanickal Thomas |
| 02-06-10 | WED | Rev. Fr. Tharaniyil Paul |
| 03-06-10 | THU | Rev. Fr. Thattil Martin |
| 04-06-10 | FRI | Rev. Fr. Thattil Sebastian |
| 05-06-10 | SAT | Rev. Fr. Thekkumkattil Jomy |
| 07-06-10 | MON | V. Rev. Fr. Theruvankunnel George |
| 08-06-10 | TUE | Rev. Fr. Thoonikavil Jose Prakas |
| 09-06-10 | WED | Rev. Fr. Thottankara Francis |
| 10-06-10 | THU | V. Rev. Fr. Thottian Paul |
| 11-06-10 | FRI | Rev. Fr. Thukkuparambil Betson |
| 12-06-10 | SAT | Rev. Fr. Thuruthipally George |
| 14-06-10 | MON | Rev. Fr. Vadakkekara Goji |
| 15-06-10 | TUE | Rev. Fr. Vadakkekara Tom |
| 16-06-10 | WED | V. Rev. Fr. Vadakkumchery Thomas |
| 17-06-10 | THU | Rev. Fr. Vadakken Jaison |
| 18-06-10 | FRI | Rev. Fr. Valayathil Xavier |
| 19-06-10 | SAT | Rev. Fr. Vattukalathil Saji |
| 21-06-10 | MON | V. Rev. Fr. Vazhayil Mathew |
| 22-06-10 | TUE | Rev. Fr. Vazheparambil Sebastian |
| 23-06-10 | WED | Rev. Fr. Velliamkandathil Jaijin |
| 24-06-10 | THU | Rev. Fr. Ackaparambil Joyson |
| 25-06-10 | FRI | V. Rev. Fr. Aippanparambil Dominic |
| 26-06-10 | SAT | Rev. Fr. Alackakunnel Jose |
| 27-06-10 | MON | Rev. Fr. Aloor John |
| 28-06-10 | TUE | Rev. Fr. Angeveettil Jose |
| 30-06-10 | WED | Rev. Fr. Cherian Angilimoottil |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# വിശ്വാസ പരിശീലനം

**രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് മെയ് 1-ാം തിയ്യതി ശനിയാഴ്ച 10 മണി മുതൽ ഉച്ചക്ക് 1 മണിവരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. എല്ലാ ഡയറക്ടേഴ്സും രൂപതാ കൗൺസിൽ അംഗങ്ങളും കൃത്യസമയത്ത് എത്തിചേരണമെന്ന് ഓർമ്മിപ്പിക്കുന്നു.

കഴിഞ്ഞ മൂന്ന് വർഷക്കാലും സ്തുത്യർഹമായി മതബോധന രംഗത്ത് ശുശ്രൂഷ ചെയ്ത എല്ല രൂപതാ കൗൺസിൽ അംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദിപറയുന്നു.

**മതാധ്യാപക ധ്യാനം**

മതാദ്ധ്യാപകർക്കായി താമസിച്ചുള്ള ധ്യാനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് മെയ് 13,14,15,16 തിയ്യതികളിൽ നടത്തപ്പെടുന്നു. ധ്യാനത്തിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി മതബോധന കേന്ദ്രത്തിൽ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 250 പേർക്ക് മാത്രമേ അവസരം ഉണ്ടായിരിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ് 200 രൂപ. ധ്യാനം മെയ് 13-ാം തിയ്യതി 4മണിക്ക് ആരംഭിച്ച് 16-ാം തിയ്യതി 2 മണിക്ക് അവസാനിക്കുന്നു.

**മതബോധന സംയുക്ത സമ്മേളനം**

2010 മെയ് 29-ാംതിയ്യതി ശനിയാഴ്ച കാലത്ത് 9.30 മുതൽ വൈകീട്ട് 1.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് മതബോധന സംയുക്ത സമ്മേളനം നടക്കുന്നു. 2010-2011 അധ്യയന വർഷത്തിന്റെ ഉദ്ഘാടനം, 2009-2010 അധ്യയന വർഷത്തിന്റെ റിപ്പോർട്ട് അവതരണം, 10,12 ക്ലാസ്സുകളിലെ റാങ്ക് ജേതാക്കളെ ആദരിക്കൽ, സൺഡേസ്കൂൾ, റെഗുലർ സ്കൂൾ സ്കോളർഷിപ്പ് വിജയികൾക്ക്, ചെറുകഥ ഉപന്യാസ രൂപതാ തല വിജയികൾക്കുള്ള സമ്മാനദാനം, അടുത്തവർഷത്തിലേക്കുള്ള കലണ്ടർ സ്റ്റാറ്റിസ്റ്റിക്സ് ഫോമുകൾ, സർട്ടിഫിക്കറ്റുകൾ, ലോഗോസ് രജിസ്ട്രേഷൻ ഫോമുകളുടെ വിതരണം തുടങ്ങിയവയാണ് അന്നേദിവസത്തെ പരിപാടികൾ. സമ്മാനാർഹരായവരെ പങ്കെടുപ്പിക്കുവാൻ പ്രധാനാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സമ്മാനദാനം രാവിലെ അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാരും, മതബോധന കൗൺസിൽ അംഗങ്ങളും, സൺഡേ സ്കൂൾ, റെഗുലർ സ്കൂൾ പ്രധാനാദ്ധ്യാപകരും സമ്മാനാർഹരും പ്രസ്തുത സമ്മേളനത്തിൽ സൗബന്ധിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എല്ലാവരേയും പ്രസ്തുതസമ്മേളനത്തിലേക്ക് സാദരം ക്ഷണിക്കുകയും ചെയ്യുന്നു.

**യൂണിറ്റുകളിൽ സ്റ്റാഫ് മീറ്റിംഗ്**

മെയ് 30-ാം തിയ്യതി ഞായറാഴ്ച ഇടവകകളിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും മതബോധന കലണ്ടർ ചർച്ചചെയ്ത് പ്രവർത്തന രൂപരേഖ തയ്യാറാ





ക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം മതബോധനദിനാചരണത്തെക്കുറിച്ച് ചിന്തിക്കുകയും വിശ്വാസപരിശീലന വർഷാരംഭ ദിനമായ ജൂൺ 6-ാം തിയ്യതി മതബോധന ദിനമായി ആചരിക്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**സൺഡേ കാറ്റികിസം പുസ്തകങ്ങൾ**

പുതിയ അധ്യയന വർഷത്തേക്ക് അതാതു യൂണിറ്റുകളിൽ ആവശ്യമുള്ള പുസ്തകങ്ങളുടെ എണ്ണം നിർദ്ദിഷ്ട ഓർഡർ ഫോമിൽ പൂരിപ്പിച്ച് മെയ് 10ന് മുമ്പായി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റീ എക്സാമിനേഷൻ**

ഈ വർഷത്തെ സൺഡേകാറ്റികിസം 10-ാം ക്ലാസ്സ് II HDCപരീക്ഷയുടെ എക്സാമിനേഷനിൽ എല്ലാ കുട്ടികളും വിജയിച്ചിരിക്കുന്നു. മാർക്ക് ലിസ്റ്റുകൾ വികാരിയച്ചന്മാരുടെ പക്കൽ ഏൽപ്പിച്ചിട്ടുണ്ട്.

**ബി.ടി.സി**

വിശ്വാസ പരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കായുള്ള ബേസിക് ട്രെയ്നിംഗ് കോഴ്സ് (ബി.ടി.സി) ജൂൺമാസം 11,12,13 വെള്ളി, ശനി, ഞായർ തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ രാത്രി 10 വരെയാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും പാസ്റ്ററൽ സെന്ററിൽ താമസിച്ച് ബി.ടി.സി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

3 ദിവസത്തെ കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമേ ബി.ടി.സി സർട്ടിഫിക്കററ് ലഭിക്കുകയുള്ളുവെന്ന് ഓർമ്മിപ്പിക്കുന്നു. ബി.ടി.സി സർട്ടിഫിക്കറ്റ് മതബോധനരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു അടിസ്ഥാനയോഗ്യതയാണെന്ന് ഓർമ്മിക്കുമല്ലോ. രജിഫീസ് 100 രൂപ

**വിശ്വാസ പരിശീലന വർഷാരംഭം**

ജൂൺ 6-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേദിനം ഇടവകകളിൽ മതബോധനദിനമായി ആചരിക്കാനും അന്നേദിവസം മുൻകൂട്ടി അറിയിച്ച് സ്തോത്രകാഴ്ച എടുത്ത് പ്രസ്തുത തുക മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാമതബോധന കേന്ദ്രത്തിൽ എത്തിക്കാനും ശ്രദ്ധിക്കുമല്ലോ.

**Sunday School Scholarship Exam Result 2009-2010**

**Class Iv**

| | | |
|---|---|---|
| I | Soumya Jacob | Ponnamkode |
| I | Amal Sebastian | Ponnamkode |
| III | Namitha George | Mangalam Dam. |

**Forone level**

| | |
|---|---|
| Kanjirapuzha | Joicy Kurian, Karakurissi |
| Mannarkkad | Anoop Thomas, Karapadam |
| Melarcode | Nancy K.J, Elavampadam |
| Olavakkode | Aby Abraham, Pulapatta |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

| | |
|---|---|
| Ottapalam | Avikna Therese, Shoranur |
| Palakkad | Irene Benny, Cathedral |
| Thavalam | Linta Tom, Unnimala |
| Vadakkenchery: | Manjimak, Palakkuzhy |

**Class VII**

| | | |
|---|---|---|
| I | Christeena Jomy | Karimba |
| II | SophySunil | Poonchola |
| III | Lal Jose | Shoranur |

**Forane level**

| | |
|---|---|
| Olavakkode | Anjaleena Abraham, Pulapatta |
| Ottapalam | Anoopa Antony, Shoranur |
| Palakkad | Ance Vincy, Cathedral |

Class X

| | | |
|---|---|---|
| I | Thomas Joseph | Vadakkenchery |
| II | Anjitha Jose | Mannarkkad |
| III | Anjumol | Koonathara |

**Forane Level**

| | |
|---|---|
| Kanjirapuzha | Neena Mathew, Kanjirapuzha |
| Mannarkkad | Treesa Joseph, Kottapuram |
| Melarcode | Tomina Thomas, Ponkandam |
| Olavakkode | Soumya Samuel, Mylampully |
| Ottapalam | Priyanka Varghese, Ottapalam |
| Palakkad | Johncy V Joy, Chittur |
| Thavalam | Lincy Joseph, Thavalam |
| Vadakkenchery | Chelsiya George, Vadakkenchery |

II HDC

| | | |
|---|---|---|
| I | Margaret Treesa | Rajagiri |
| II | Anuma Rose C.A | Vadakkenchery |
| II | Dhanya Mathew | Arappara |
| III | Sneha Mathew | KaraKurissi |

**Forane level**

| | |
|---|---|
| Kanjirapuzha | Neenu Mathew, Palakkayam |
| Melarcode | GeorgeKutty, Mankurissi |
| Palakkad | Ansila Roncy, Cathedral |

**റോളിംഗ് ട്രോഫി ജേതാക്കൾ**

**സൺഡേ സ്കൂൾ സ്കോളർഷിപ്പ് പരീഷ**

സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, പൊന്നംകോട്

ലൂർദ് മാതാ സൺഡേ സ്കൂൾ വടക്കഞ്ചേരി.

**രചനാ മത്സരങ്ങൾ**

ഹോളി സ്പിരിറ്റ് സൺഡേ സ്കൂൾ, മണ്ണാർക്കാട്

**ക്രിസ്റ്റീൻ ധ്യാനം**

5 മുതൽ 12 വരെ പഠിക്കുന്ന കുട്ടികൾക്കായി ഏപ്രിൽ 12 മുതൽ 17വരെ





പാസ്റ്ററൽ സെന്ററിൽ വെച്ച് ക്രിസ്റ്റീൻ ധ്യാനം നടന്നു. റവ. ഫാ. റെനി പുല്ലുകാലായിലും ടീം അംഗങ്ങളും ചേർന്ന് നടത്തിയ ധ്യാനത്തിൽ 130 വിദ്യാർത്ഥികൾ പങ്കെടുത്തു. പങ്കെടുത്ത വിദ്യാർത്ഥികൾക്കും അവരെ പറഞ്ഞയച്ച ബഹു. വികാരി അച്ചന്മാർക്കും മതാധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദി. ധ്യാനത്തിൽ ലഭിച്ച ഉൾകാഴ്ചയും ഉണർവ്വും വരദാനങ്ങളുമെല്ലാം കൂടുതൽ ഉത്സാഹത്തോടും തീക്ഷണതയോടും കൂടെ ഈശോയെ അനുഗമിക്കാൻ പ്രചോദനവും ശക്തിയും ആകട്ടെയെന്ന് ആശംസിക്കുന്നു. ധ്യാനം നയിച്ച റവ. ഫാ. റെനി പുല്ലുകാലയിലും രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾക്കും മറ്റു പല വിധത്തിൽ സഹായിച്ച ഓരോരുത്തർക്കും ആത്മാർത്ഥമായ നന്ദി പറയുന്നു.

**റഗുലർ സ്കൂൾ കൗൺസിൽ അംഗങ്ങളുടെയും പ്രധാനാധ്യാപകരുടെയും മീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ അംഗങ്ങളുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത മീറ്റിംഗ് മെയ് ഒന്നാംതിയ്യതി ശനിയാഴ്ച 2.00PM മുതൽ 4.00PM വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ പ്രധാനാധ്യാപകരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. കഴിഞ്ഞ അധ്യയന വർഷത്തെക്കുറിച്ച് വിലയിരുത്തുവാനും പുതിയ അധ്യയനവർഷത്തെക്കുറിച്ച് ചിന്തിക്കാനും ഉദ്ദേശിച്ചുള്ളതാണ് പ്രസ്തുത മീറ്റിംഗ്.

**Regular school Scholarship Examination Result 2009-2010**

| Class | Name | Name of School | Mark | Rank |
|---|---|---|---|---|
| **SCHOOL CATECHISM** | | | | |
| IV | Abitha Francis | Holy Family UPS Mundakunnu | 90 | I |
| IV | Reena Thomas | Vimala Bhavan UPS, Chittor | 88 | II |
| IV | Ashely Joseph | Vijayamatha HSS Chittur | 86 | III |
| VII | Nanditha pauly | Kanikkamatha CEMGHSS Palakkad | 92 | I |
| VII | Anagha Baby | Cherupushpam EMUPS Vadakkenchery | 90 | II |
| VII | Tincy.KA | St.Raphael's Cathedral School Palakkad | 82 | III |
| X | Sushmitha sajeev | Cherupushpam GHSS VDY | 90 | I |
| X | Johncy.V. Joy | Vijayamatha HSS Chittur | 88 | II |
| X | Soorya Jose | Carmel HS, Palakkayam | 86 | III |
| **MORAL SCIENCE** | | | | |
| IV | Aiswarya P.G | Holy Family EMS Ponnamkode | 96 | I |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

| | | | | |
|---|---|---|---|---|
| V | Dani K.S | Assisi EMHS, Kanjikode | 94 | II |
| IV | Srudhymol P.S | Mount Carmel LPS Jellipara | 92 | III |
| VII | Thanuja T.H | Marymatha EMUPS Thachnady | 84 | I |
| VII | Nadhini K.M | Assisi EMHS Kanjikode | 82 | II |
| VII | Sushmalala R | Assisi EMHS Ksnjikode | 78 | III |
| X | Orma.R. Krishan | St. John's EMHS Pothundy | 90 | I |
| X | Nitha P | St.John's EMHS Pothundy | 88 | II |
| X | Prameela K.P | Arogya Matha HS.Kottathara | 86 | III |
| XII | Reshma.P. | Cherupushpam GHSS Vadakkenchri | 82 | I |
| XII | Rincy Rajan | Cherupushlam GHSS Vadakkenchry | 80 | II |

**School Catechism in Moral Science Rolling Trohpy winners 2009-2010**

L.P. Section : Holy Family UPS Mundakkunnu
Holy Family EMS Ponnamkode

U.P. Section : Kanikkamatha EMGHSS Palakkad,
Marymatha EMUPS Thanchanady

H.S. Section : St John's EMHS Pothudndy

H.S.S Section : Cherupushpam GHSS Vadakkenchery

*CONGRATULATIONS TO THE WINNERS*

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

# Bible Apostolate

**ലോഗോസ് ക്വിസ് 2010**
പാഠഭാഗം: പുറപ്പാട് 1-15, മത്തായി 1-14, യാക്കോബ് ശ്ലീഹ എഴുതിയ ലേഖനം
രൂപതാതല പരീക്ഷ തിയ്യതി.: 2010 സെപ്തംബർ 26 2.pm to 3.30 pm
സംസ്ഥാനതല പരീക്ഷ തിയ്യതി : 2010 നവംബർ 21

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്





# സി.എം.എൽ.

**വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുക**

1 ശനി : തൊഴിലാളി ദിനം, തൊഴിലിന്റെ മഹത്വവും പ്രാധാന്യവും ഉയർത്തികാണിക്കുന്ന ക്ലാസുകൾ വർക്ക് ഷോപ്പുകൾ,ഡിബേറ്റ് എന്നിവ സംഘടിപ്പിക്കുക.
: തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥം യാചിക്കുക.
: വിവിധ മേഖലകളിൽ അദ്ധ്വാനിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.

3 തിങ്കൾ : വി. ഫിലിപ്പോസ്, വി യാക്കോബ് ശ്ലീഹന്മാരുടെ തിരുനാൾ.

6 വ്യാഴം : വി. ഡൊമനിക് സാവിയോയുടെ തിരുനാൾ.

7,8,9 : (വെള്ളി, ശനി, ഞായർ) **ജൂനിയേഴ്സ് ക്യാമ്പ്** റിന്യൂവൽ സെന്റർ കലൂർ എറണാകുളം

14 വെള്ളി : വി മത്തിയാസ് ശ്ലീഹാ

16 ഞായർ : കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ.

23 ഞായർ : പെന്തക്കുസ്താ തിരുനാൾ.

31 തിങ്കൾ : പ്രവർത്തന വർഷ സമാപനം

ശാഖ, മേഖല, രൂപത, സംസ്ഥാന, ദേശീയ, അന്തർദേശീയ പ്രവർത്തനങ്ങൾക്ക് അനുഗ്രഹം ചൊരിഞ്ഞ ദൈവത്തിന് നന്ദി അർപ്പിക്കുക.
* പ്രാർത്ഥനാ നിയോഗം : തൊഴിലിന്റെ ഉന്നമനത്തിനുവേണ്ടി.

സുകൃതജപം: വി.യൗസേപ്പേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി. എം. എൽ.

# CWWC

**ഉണർത്തുപാട്ട്**

സ്ത്രീപ്രാതിനിധ്യം എല്ലാ മേഖലകളിലും ഉണരുമ്പോൾ കത്തോലിക്കാ വനിതാ നേതൃത്വം സർവതലങ്ങളിലും മുന്നോട്ടിറങ്ങണം. ഇടവകയിലും സഭയിലും സമൂഹത്തിലും വനിതകൾക്ക് പ്രാതിനിധ്യം ലഭിക്കത്തക്കവിധം സ്ത്രീകൾ കർമ്മോത്സുകരാകണം. നേതൃഗുണങ്ങൾ ഉള്ളവരെ പ്രോത്സാഹിപ്പിക്കണം. ഇടവകാസമൂഹത്തിന്റെ സർവവിധ പിന്തുണയും അവർക്ക് ശക്തിയാകണം.

**നിയമാവബോധം സമൂഹനിർമ്മിതിക്ക്**

രാഷ്ട്രീയ സാമൂഹ്യ മേഖലയിൽ പ്രവർത്തിക്കാൻ സ്ത്രീ ശാക്തീകരണ മേഖലയ്ക്ക് നിയമാവബോധം ഇന്നിന്റെ ഒരു ആവശ്യമാണ്. ആന്ധ്രാപ്രദേശിലുള്ള തിരുപ്പതി ശ്രീ വെങ്കടേശ്വര യൂണിവേഴ്സിറ്റിയിൽ നിയമപഠനത്തിനു അവസരമുണ്ട്. 3 വർഷം/5 വർഷം കോഴ്സുകൾ. റഗുലർ കോഴ്സാണെങ്കിലും നിർബന്ധമില്ല. യൂണിവേഴ്സിറ്റി എട്രൻസ് 2010 ജൂൺ 10 നും അതിന്റെ അപേക്ഷ 2010 മെയ് 31 നും മുമ്പും ചെയ്യണം. കൂടാതെ മാനേജ്മെന്റ് കോട്ടയിലും പ്രവേശനമുണ്ട്. സ്ഥിരം ക്ലാസ്സിൽ പോയി പഠിക്കാൻ സാധിക്കാത്തവർക്ക് ഒരവസരം. പ്രായപരിധിയില്ല. ഡിഗ്രികഴിഞ്ഞവർക്ക് 3 വർഷം സെമസ്റ്റർ (6)സിസ്റ്റം എല്ലാ യൂണിവേഴ്സിറ്റികളും സംസ്ഥാനങ്ങളും അംഗീകരിക്കുന്ന LLB പഠനം. എവിടേയും എൻറോൾ ചെയ്ത് പ്രാക്ടീസ് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 09447514068.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, CWWC

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2010 മെയ് 2 മുതൽ 7 വരെ 16 മുതൽ 21 വരെ

**പ്രത്യേക അറിയിപ്പ്**

മെയ് 23 മുതൽ 28 വരെ കുട്ടികൾക്കുള്ള ധ്യാനം
(ഹൈസ്ക്കൂൾ, പ്ലസ് ടു വിദ്യാർത്ഥികൾക്കുവേണ്ടി)

എല്ലാ ശനിയാഴ്ചയും 9 മുതൽ 4 വരെ ഏകദിന ശുശ്രൂഷ, ജപമാല, വി. കുർബാന, വചനപ്രഘോഷണം, രോഗശാന്തി ശുശ്രൂഷകൾ ഉണ്ടായിരിക്കും.

ഫാ. ജോർജ്ജ് കുന്നേൽ
**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**





# മാതൃസംഘം

**ക്രൂശിതന്റെ വഴിയെ**

2010 മാർച്ച് 27 ന് മാതൃസംഘം ഒലവക്കോട് ഫൊറോനയുടെ നേതൃത്വത്തിൽ 8 വൈദികരും 55 അമ്മമാരും ചേർന്ന് രൂപതയിലെ 8 ഫൊറോനപള്ളികളും 6 മറ്റു പ്രധാന പള്ളികളെയും ഉൾപ്പെടുത്തി 14 സ്ഥലങ്ങളിലായി നടത്തിയ കുരിശിന്റെ വഴി പ്രയാണം വിജയപ്രദമാക്കാൻ സഹകരിച്ച എല്ലാ വൈദികർക്കും ഇടവകാംഗങ്ങൾക്കും പ്രത്യേകം നന്ദി.

**മനുഷ്യന് മരം**

കേരള സോഷ്യൽഫോറസ്ട്രിയുമായി സഹകരിച്ച് പി.എസ്.എസ്.പിയുടെ സഹായത്തോടെ നടപ്പാക്കുന്ന കുടുംബങ്ങളിൽ മരം വച്ചുപിടിപ്പിക്കുന്ന പ്രോഗ്രാമിനോട് സഹകരിക്കുക. മെയ് അവസാനത്തോടെ ഓരോ കുടുംബത്തിനും 2 വൃക്ഷതൈകൾ ഇടവകകളിൽ എത്തിച്ചുതരും. അവ നടാനും പരിപാലിക്കാനും അമ്മമാർ ശ്രദ്ധിക്കുക.

**അടുക്കളത്തോട്ട മത്സരം**

രൂപതയിലെ എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർമ്മിക്കാൻ പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഒരു മത്സരം സംഘടിപ്പിക്കുന്നു. ഫൊറോനതലത്തിൽ സംഘടിപ്പിക്കുന്ന മത്സരത്തിൽ ഓരോ ഫൊറോനയിൽ നിന്നും ഏറ്റവും നല്ല അടുക്കളത്തോട്ടത്തിന് സമ്മാനം നല്കുന്നു. കൂടാതെ രൂപതാതലത്തിൽ ഏറ്റവും നല്ല തോട്ടത്തിനും സമ്മാനം നൽകുന്നതാണ്. 2010 സെപ്റ്റംബർ പകുതിയോടെയായിരിക്കും മൂല്യനിർണ്ണയം. ഓരോ കുടുംബത്തിലും വൈവിധ്യമാർന്ന പച്ചക്കറികൾ നട്ടുപിടിപ്പിക്കുക, പരിചരിക്കുക

**മെയ് 2010**

മനുഷ്യന്റെ ആർത്തിയും പ്രപഞ്ചഘടനയുടെ അസന്തുലിതാവസ്ഥയും.
ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവയുടെ ദുരുപയോഗം – ജാഗ്രതൈ.

**യൂണിറ്റുതല ഏകദിന സെമിനാറുകൾ.**

കൈയ്യെഴുത്തുപ്രതി 2010 (പ്രകൃതി) എഡിറ്റോറിയൽ ബോർഡ് രൂപീകരണം (പ്രവർത്തനവർഷ വിഷയവുമായി ബന്ധപ്പെട്ട വിഭവങ്ങൾ)
പഠനം: മനുഷ്യന്റെ ഉല്പത്തി, പ്രപഞ്ചത്തിന്റെ പ്രകൃതി.
അടുക്കളത്തോട്ട നിർമ്മാണം
ശുചിത്വദേവാലയം അമ്മമാരുടെ ലക്ഷ്യം.
മെയ് രണ്ടാം ഞായർ (മെയ് 9) രൂപതാ മാതൃദിനം.
എല്ലാ യൂണിറ്റുകളിലും വിവാഹസഹായ നിധി തുടങ്ങുക.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# സി എൽ സി.

**ആനിമേറ്റേഴ്സ് മീറ്റിംഗ്**

മേയ് 3 ശനിയാഴ്ച രാവിലെ 10 മണി മുതൽ 12വരെ രൂപതാ തലത്തിൽ യൂണിറ്റ് ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. എല്ലാ യൂണിറ്റ് ആനിമേറ്റേഴ്സും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**തൊഴിലാളി ദിനം**

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവിന്റെ തിരുനാൾ ദിനത്തിൽ എല്ലാ തൊഴിലാളികൾക്കും വേണ്ടി പ്രാർത്ഥിക്കുക. അദ്ധ്വാനത്തിന്റെ മാഹാത്മ്യം മനസ്സിലാക്കി, തൊഴിലാളികളെ ബഹുമാനിച്ചു ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം.

പ്രാർത്ഥന: തൊഴിലാളികൾക്കു വേണ്ടി പ്രാർത്ഥിക്കുക.

പഠനം: വി. യൗസേഫ് നീതിമാനായിരുന്നു.

പ്രവർത്തനം: ഒരു അഗതി മന്ദിരം സന്ദർശിച്ച് ഒരു ദിവസം അവരെ ശുശ്രൂഷിക്കുക.

**ഫാ. ബിജു പ്ലാത്തോട്ടത്തിൽ,**
ഡയറക്ടർ, സി.എൽ.സി.

# K.C.S.L

**നേതൃത്വ പരിശീലന ക്യാമ്പ്**

ഈ വർഷത്തെ കെ.സി.എസ്.എൽ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്' 'വിന്നേഴ്സ് 2010" ഏപ്രിൽ 19 മുതൽ 23 വരെ കോട്ടയം വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. നമ്മുടെ രൂപതയിൽ നിന്ന് പാലക്കാട് സെന്റ് റാഫേൽസ്, വടക്കുഞ്ചേരി ചെറുപുഷ്പം, സെന്റ് മേരീസ് പാലക്കയം, മേരിമാതാ, പന്തലാംപാടം തുടങ്ങിയ സ്കൂളുകളിൽ നിന്നായി 12 വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു. പങ്കെടുത്ത കുട്ടികൾക്കും അവരെ നയിച്ച ജോസഫ് സാറിനും, ടെസ്സിൻ ടീച്ചർക്കും നന്ദിയും അഭിനന്ദനങ്ങളും

**അഭിനന്ദനങ്ങൾ**

സംസ്ഥാന എക്സിക്യൂട്ടീവിലേയ്ക്ക് ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട അനൈഡ ആൻ ജേക്കബിന് കെ.സി.എസ്.എൽ കുടുംബത്തിന്റെ ആശംസകളും പ്രാർത്ഥനകളും.





**കെ.സി.എസ്.എൽ രൂപത ഭാരവാഹികൾ**

ഈ വർഷത്തെ കെ.സി.എസ്.എൽ രൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കാനുള്ള മീറ്റിങ്ങ് ഏപ്രിൽ 5-ാം തിയതി തിങ്കളാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുകയുണ്ടായി. ആ മീറ്റിങ്ങിൽ വച്ച് പുതിയ അദ്ധ്യയന വർഷത്തേക്കുള്ള വിദ്യാർത്ഥി ഭാരവാഹികളെ തെരഞ്ഞെടുത്തു.

ചെയർപേഴ്സൺ: ജ്യൂഹി എൽസ് ജോർജ്ജ് (ചെറുപുഷ്പം,വടക്കഞ്ചേരി)

ജനറൽ സെക്രട്ടറി: അനൈഡ ആൻ ജേക്കബ് (കത്തീഡ്രൽ, പാലക്കാട്)

**H.S. സെക്രട്ടറിമാർ**

ജോസഫ് അബ്രാഹം- മേരിമാതാ പാന്തലാംപാടം

ഐറിൻ ബാബു- ചെറുപുഷ്പം വടക്കഞ്ചേരി

**U.P സെക്രട്ടറിമാർ**

ജിസ്മി തോമസ്- ചെറുപുഷ്പം വടക്കഞ്ചേരി

സോണിയ ജേക്കബ്-പാലക്കയം

**കൈയെഴുത്തു മാസിക വിജയികൾ**

| | | |
|---|---|---|
| U.P | I | ചെറുപുഷ്പം വടക്കഞ്ചേരി |
| | II | സെന്റ് തോമസ് കയറാടി |
| | II | കാണിക്കമാത പാലക്കാട് |
| HS | I | സെന്റ് തോമസ് ഒലവക്കോട് |
| | II | കാണിക്കമാത പാലക്കാട് |
| HSS | I | സെന്റ് തോമസ് ഒലവക്കോട് |
| | II | കാണിക്കമാതാ പാലക്കാട് |

**ഫാ. ആന്റോ കീറ്റിക്കൽ**
ഡയറക്ടർ, കെ. സി.എസ്.എൽ.

# സീനായ് ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| മെയ് | 2-7 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർഖാൻ വട്ടായിൽ |
| മെയ് | 9-14 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മെയ് | 16-21 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

| | | |
|---|---|---|
| മെയ് | 23-28 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മെയ് | 30- ജൂൺ 4 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 253333, 253647. സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക.

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

മെയ് 2 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധിപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

മെയ് 16 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# നവീകരണ മുന്നേറ്റം

**പി.എസ്.ടി മീറ്റിംഗ്**

മെയ് 3-ാം തിയതി തിങ്കാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തുന്ന പി.എസ്.ടി. മീറ്റിംഗിൽ എല്ലാ പി.എസ്.ടി അംഗങ്ങളും സംബന്ധിക്കേണ്ടതാണ്.

**ലീഡേഴ്സ് കൂട്ടായ്മ**

സോണൽ തലത്തിൽ പതിവുള്ള ലിഡേഴ്സ് കൂട്ടായ്മ മെയ് മാസം 21 വെള്ളിയാഴ്ച (ജാഗരണ പ്രാർത്ഥനയുടെ തലേ വെള്ളിയാഴ്ച) രാവിലെ 10 മണി മുതൽ ഉച്ചതിരിഞ്ഞ് 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. ഇത് ഹോം മിഷൻ ടീം അംഗങ്ങൾക്കുള്ള ഒരു സ്പെഷ്യൽ ട്രെയിനിങ്ങ് ആയതുകൊണ്ട് എല്ലാ ഹോം മിഷൻ ടീം അംഗങ്ങളും നിർബന്ധമായും ഇതിൽ സംബന്ധിക്കേണ്ടതാണ്.





**ജാഗരണ പ്രാർത്ഥന**

2010 മെയ് 28 വെള്ളിയാഴ്ച രാത്രി 7. 00 മുതൽ പിറ്റേന്ന് രാവിലെ 5.00 വരെ പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രലിൽ വച്ച് ജാഗരണ പ്രാർത്ഥന നടത്തുന്നു. റവ. ഫാ. റെനി പുല്ലുകാലായിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

# പി.എസ്.എസ്.പി.

**സേഫ് എ ഫാമിലി പ്ലാൻ**

**സേഫ് എ ഫാമിലി സ്പോൺസർമാരുടെ ശ്രദ്ധയ്ക്ക്**

1. ഇനിയും ബനഫാക്ടേഴ്സിന് അയയ്ക്കേണ്ട കത്തുകൾ നല്കാത്തവർ എത്രയും പെട്ടെന്ന് കത്തുകൾ ഓഫീസിൽ എത്തിക്കേണ്ടതാണ്. കത്തുകൾ വൈകിയാൽ ബനഫാക്ടേഴ്സ് സഹായം നിർത്തുന്നതാണ്.
2. ഹാൻഡ് ബുക്കുകൾ ഇനിയും ലഭിക്കാത്തവരും അതിൽ അക്കൗണ്ടുകൾ പതിക്കാത്തവരും എത്രയും പെട്ടെന്ന് ഓഫീസുമായി ബന്ധപ്പെട്ട് ഹാൻഡ് ബുക്കുകളിൽ ബാലൻസ് തുക എഴുതി കൂടുതൽ തുകയുള്ളവർ ഉടനെ തന്നെ സംഖ്യ പിൻവലിച്ച് പദ്ധതികൾ തുടങ്ങേണ്ടതാണ്.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് 5-5-10 ന് ബുധനാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പിയിൽ വച്ചു നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 10.5.10 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11.00 മണി |
| 12.5.10 | ബുധൻ | മണ്ണാർക്കാട് | ഇരുമ്പകചോല | 11.00 മണി |
| 13.5.10 | വ്യാഴം | ആലത്തൂർ | FCC വടക്കഞ്ചേരി | 11.00 മണി |
| 13.5.10 | വ്യാഴം | ശ്രീകൃഷ്ണപുരം | പ്ലാന്തോട്ടം | 11.00 മണി |
| 14.5.10 | വെള്ളി | നെന്മാറ | പാരിഷ്ഹാൾ | 11.00 മണി |
| 14.5.10 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2.00 മണി |

**റീജിയണൽ ഓഫീസ്**

| | | | |
|---|---|---|---|
| 18.5.10 | ചൊവ്വ | സാൻജോ ടവ്വർ | 10.00 മണി മുതൽ 1.00 മണിവരെ |
| 19.5.10 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 11.00 മണി മുതൽ 1.00 മണിവരെ |
| 20.5.10 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 11.00 മണി മുതൽ 1.00 മണിവരെ |

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കേണ്ടിവരുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷൂ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

റൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി നടത്തിവരുന്നു. ഒരു വർഷത്തേയ്ക്ക് ഒരു വ്യക്തിക്ക് 300 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. 30000 രൂപ വരെ ഒരു വർഷം ആനുകൂല്യം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നിത്യോപയോഗ സാധന നിർമ്മാണ വിപണന പരിശീലനം**

നിത്യോപയോഗ സാധനങ്ങളുടെ (വിവിധതരം സോപ്പുകൾ, സോപ്പു പൊടികൾ തുള്ളി നീലം, ഫിനോയിൽ, ചന്ദനത്തിരി, ഹാർപിക്, ബ്ലീച്ച്, വിക്സ്, തുടങ്ങി 10 തരം ഉല്പന്നങ്ങൾ നിർമ്മാണ വിപണന പരിശീലനം ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ വച്ച് നടത്തി കൊടുക്കുന്നു. ഒരു പരിശീലനത്തിന് 30 പേരെങ്കിലും ഉണ്ടാകണം. 2 ദിവസമാണ് പരിശീലനം. ഒരാൾക്ക് 200 രൂപയാണ് ഫീസ്, താല്പര്യമുള്ളവർ പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഏപ്രിൽ 30 മെയ് 1 എന്നീ തിയതികളിൽ കേരളശ്ശേരിയിൽ വച്ച് രണ്ടു ദിവസത്തെ പരിശീലനം നടക്കുന്നു.

**റബ്ബർ ഇൻഷുറൻസ്:**

പ്രകൃതി നാശം വഴി കേടുപാടുകൾ സംഭവിക്കുന്ന റബ്ബർ ഒന്നിന് ആയിരം രൂപവരെ ലഭിക്കാവുന്ന റബ്ബർ ഇൻഷുറൻസ് പദ്ധതി പി.എസ്.എസ്.പി നടപ്പിലാക്കിവരുന്നു. ആവശ്യക്കാർ ഓഫീസുമായി ബന്ധപ്പെടുക.

**പി.എസ്.എസ്.പിയിൽ ജോലി ഒഴിവുകൾ:**

1 പ്രോഗ്രാം കോർഡിനേറ്റർ–1 (MSW)

2. കമ്മ്യൂണിറ്റി ഫസിലിയേറ്റർ/ആനിമേറ്റർ– 5 PDC/+2 and above

അർഹരായവർ Bio-data സഹിതം വികാരിയച്ചന്റെ ശുപാർശയോടെ ബന്ധപ്പെടുക.

## JSS Palakkad

ജൻശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ ആഭിമുഖ്യത്തിൽ പുതിയ അദ്ധ്യയനവർഷത്തിലെ പരിശീലന പരിപാടികൾ ആരംഭിച്ചിരിക്കുന്നു. വിവിധ പരിപാടികളിലൂടെ സ്വന്തമായോ കൂട്ടായ്മയിലോ വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങുവാൻ താത്പര്യമുള്ള സംഘങ്ങൾ, സമാജങ്ങൾ, സംഘടനകൾ എന്നിവ ഓഫീസുമായി ബന്ധപ്പെടുക. അഭ്യസ്തവിദ്യരല്ലാത്തവർക്കായിട്ടാണ് ഈ കോഴ്സുകൾ വിഭാവനം ചെയ്തിട്ടുള്ളത്.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2010 മാർച്ച്**

25 – വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട ധ്യാനത്തിൽ സന്ദേശം നൽകി.

27. – കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ഹൗപ്പദിയ്കാന – കാറോയ പട്ടങ്ങൾ നൽകി. വിശുദ്ധകുർബാന അർപ്പിച്ചു.

28 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ ഓശാന ഞായറിന്റെ ശുശ്രൂഷകൾക്ക് പ്രധാനകാർമ്മികത്വം നൽകി.

29 – കത്തീഡ്രലിൽ സൈത്ത് വെഞ്ചരിപ്പോടനുബന്ധിച്ച് നടന്ന ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വി. കുർബ്ബാന അർപ്പിച്ചു.

– പാലക്കാട് കാണിക്കമാത മഠം അംഗം സി. ക്രിസ്റ്റെല്ലാ സി.എം.സി. യുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

– പാലന ഹോസ്പിറ്റൽ സ്റ്റാഫിന് നോമ്പുകാല സന്ദേശം നൽകി.

30 – രാമനാഥപുരം ഹോളി ട്രിനിറ്റി കത്തീഡ്രൽ പള്ളിയിൽ മെത്രാഭിഷേക ആഘോഷപരിപാടികളുടെ ആലോചനാ സമിതിയുടെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

**2010 ഏപ്രിൽ**

1 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ പെസഹാവ്യാഴാഴ്ചയുടെ ശുശ്രൂഷകൾക്ക് പ്രധാനകാർമ്മികത്വം നൽകി.

2 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ ദുഃഖവെള്ളിയുടെ ശുശ്രൂഷകൾക്ക് പ്രധാനകാർമ്മികത്വം നൽകി.

– പാലക്കാട് ടൗണിൽ വിവിധ ഇടവകകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട കുരിശിന്റെ വഴിയുടെ സമാപനത്തിന് സന്ദേശം നൽകി.

3 – മഞ്ഞപ്ര ഹോളിക്രോസ് ഫൊറോന ഇടവകയിൽ ബഹു. ജോർജ്ജ് ചിറമേൽ അച്ചന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷയുടെ സമാപന കർമ്മങ്ങൾ നിർവ്വഹിച്ചു.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

4 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ ഈസ്റ്റർ ഞായറിന്റെ ശുശ്രൂഷകൾക്ക് പ്രധാനകാർമ്മികത്വം നൽകി.

6. – പാലക്കാട് രൂപതാ കാര്യാലയത്തിൽ രാമനാഥപുരം മെത്രാഭിഷേക ആഘോഷപരിപാടികളുടെ ആലോചനാ സമിതിയുടെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

7 – സീങ്കര സെന്റ് ജോസഫ് കോൺവെന്റിൽ ജൂനിയർ സിസ്റ്റേഴ്സിന് ക്ലാസ്സെടുത്തു.

– താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ധ്യാനത്തിൽ സംബന്ധിച്ച വൈദികർക്ക് സന്ദേശം നൽകി.

– മുണ്ടൂർ യുവക്ഷേത്രയിൽ പ്രീകാന കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

8 – താമരശ്ശേരി രൂപതയുടെ പുതിയ മെത്രാനായ മാർ റിമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിന് സംബന്ധിച്ചു.

9 – രാമനാഥപുരം ഹോളി ട്രിനിറ്റി കത്തീഡ്രൽ പള്ളിയിൽ മെത്രാഭിഷേക ആഘോഷപരിപാടികളുടെ ആലോചനാ സമിതിയുടെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

10 – തൃശൂർ അതിരൂപതയുടെ സഹായ മെത്രാനായ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ സഹകാർമ്മികനായി.

11 – കല്ലേക്കാട് ഫാത്തിമമാത ഇടവക ദൈവാലയത്തിൽ വി. കുർബാന യർപ്പിച്ചു.

– രാമനാഥപുരം രൂപതയുടെ മെത്രാനായ മാർ പോൾ ആലപ്പാട്ടിന്റെ മെത്രാഭിഷേക കർമ്മത്തിൽ സഹകാർമ്മികത്വം വഹിച്ചു. പൊതു സമ്മേളനത്തിൽ സന്ദേശം നൽകി.

14 – മുണ്ടൂർ വിമൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ സി. അഗസ്റ്റയുടെ ഗോൾഡൻ ജൂബിലിയോടും മറ്റു മൂന്ന് സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയോടുമനുബന്ധിച്ച് കൃതജ്ഞതാ ബലിയർപ്പിച്ചു.

15 – പാലക്കാട് സെറാഫിക് പ്രൊവിൻഷ്യൽ ഹൗസിൽ മൂന്ന് സിസ്റ്റേ





ഴ്സിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് കൃതജ്ഞതാബലി യർപ്പിച്ചു.

16 – പാലക്കാട് പാസ്റ്ററൽ സെന്ററിൽ ക്രിസ്റ്റീൻ ധ്യാനത്തിൽ സംബന്ധിച്ച കുട്ടികൾക്ക് സന്ദേശം നൽകി.

17 – കേരളശ്ശേരി ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി ഇടവകയിൽ കുട്ടി കൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി. വി. കുർബാനയർപ്പിച്ചു.

– മംഗലംഡാം സെന്റ് സേവ്യേഴ്സ് ഇടവകയിൽ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ താമരശ്ശേരി അച്ചന്റെ മാതാവിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– പോത്തുണ്ടി ഗുഡ്ഷെപ്പേർഡ് ഇടവകയുടെ സിൽവർ ജൂബിലിയോ ടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

18 – കറുകുറ്റി സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവകയിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി. വി. കുർബാ നയർപ്പിച്ചു.

– ഇരിങ്ങാലക്കുട രൂപതയുടെ മെത്രാനായ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ സഹകാർമ്മികനായി.

19 – എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ ഒരു വിവാഹം ആശീർവദിച്ചു.

20 – പാലന ഹോസ്പിറ്റലിന്റെ പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനത്തോടനു ബന്ധിച്ചുള്ള സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

22 – കരിമ്പ സെന്റ് മേരീസ് നൊവീഷ്യേറ്റ് ഹൗസിൽ നൊവീസസിന് ക്ലാസ്സെടുത്തു.

– കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഇടവകയുടെ ഗോൾഡൻ ജൂബിലി യോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

24 – പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രലിൽ കുട്ടികൾക്ക് പ്രഥമ ദിവ്യ കാരുണ്യവും സ്ഥൈര്യലേപനവും നൽകി. വി. കുർബാനയർപ്പിച്ചു.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

- വചനഗിരി സെന്റ് ജോർജ്ജ് ഇടവകയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

25 - കടപ്പാറ സെന്റ് മേരീസ് ഇടവകയിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി. വി. കുർബാനയർപ്പിച്ചു.

26 - വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. രാമനാഥപുരം രൂപതയിൽ ചേർന്ന 14 വൈദികർക്ക് യാത്രയയപ്പും രാമനാഥപുരം രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ടിന് നൽകിയ സ്വീകരണവും നൽകി.

- മുണ്ടൂർ വിമൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ സി. യൂജിൻ എസ്.എ.ബി.എസിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

28 - എളവംപാടം സെന്റ് തോമസ് ഇടവകയിൽ എഫ്. സി. സി. അവിഭക്ത തൃശൂർ പ്രൊവിൻസ് സംയുക്തമായി നടത്തിയ ജൂബിലി ആഘോഷപരിപാടികളിൽ ജൂബിലേറിയൻസിനോടൊപ്പം കൃതജ്ഞതാബലിയർപ്പിച്ചു.

- പുലാപ്പറ്റ ഹോളിക്രോസ് ഇടവകയിൽ പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചെരിച്ചു.

29 - ജെയ്ക്രിസ്റ്റോ പ്രൊവിൻസിലെ നവസന്യാസാർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷയ്ക്കും രണ്ട് സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി ആഘോഷ ശുശ്രൂഷയ്ക്കും കാർമ്മികത്വം വഹിച്ചു.